**തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (റൂറൽ) നടപടിക്രമങ്ങൾ**

**(ഹാജർ : ഡോ. ദിനേശൻ ചെറുവാട്ട് ഐ.എ.എസ് )**

**സംഗ്രഹം**

**വിഷയം :** തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - പൂത്തൃക്ക ഗ്രാമപഞ്ചായത്ത് ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം നടത്തിപ്പിനുള്ള ബൈലാ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**പരാമർശം:**

1) സർക്കാരിന്റെ 12.05.1997 ലെ ജി.ഒ (എം.എസ്) 105/97/തസ്വഭവ നമ്പർ വിജ്ഞാപനം
2) പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ 30.07.2021 തീയതിയിലെ 5(1) നമ്പർ തീരുമാനം
3) പൂത്തൃക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.08.2023 തീയതിയിലെ A8/2200/2021 നമ്പർ കത്ത്
4) എറണാകുളംതദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 11.08.2023 തീയതിയിലെ LSG D/JDIEKM / 67 65 I 2O23-E3 നമ്പർ കത്ത്

**ഉത്തരവ് നമ്പർ. LSGD/PD/53745/2023-AR3/KDis തീയതി 22-06-2024**

എറണാകുളം ജില്ലയിലെ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം നടത്തിപ്പിനുള്ള ബൈല പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയും പരാമർശം (3), (4) പ്രകാരം അംഗീകാരത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തുകൾ നിയമാനുസൃതം പാസ്സാക്കുന്ന ബൈലകൾക്ക് അംഗീകാരം നൽകുന്നതിന് പരാമർശം (1) ലെ വിജ്ഞാപനം മുഖേന സർക്കാർ പഞ്ചായത്ത് ഡയറക്ടറെ (ഡയറക്ടർ(റൂറൽ), എൽ.എസ്.ജി.ഡി) അധികാരപ്പെടുത്തിയിട്ടുണ്ട്.

പൂത്തൃക്ക ഗ്രാമപഞ്ചായത്ത് തീരുമാനം, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്, എറണാകുളം തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ശിപാർശ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ബൈല 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള അധികാരം വിനിയോഗിച്ച് പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ ശ്മശാനം/ഗ്യാസ് ക്രിമറ്റോറിയം നടത്തിപ്പിനുള്ള ബൈലാ അംഗീകരിച്ച് ഉത്തരവാകുന്നു.

Signed by
Dinesan Cheruvat
Date: 22-06-2024 17:41:18

Dr. Dinesan Cheruvat IAS
DIRECTOR (RURAL)

സെക്രട്ടറി,പൂത്തൃക്ക ഗ്രാമപഞ്ചായത്ത്

**പകർപ്പ് :**

1. ജില്ലാ ജോയിന്റ് ഡയറക്ടർ, എറണാകുളം
2. കരുതൽ ഫയൽ / ഓഫീസ് കോപ്പി